**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 427** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഡിമെൻഷ്യാ ബോധവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്രായമായവരിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നമായ ഡിമെൻഷ്യ ബാധിച്ചവരെ കണ്ടെത്തി അനുയോജ്യമായ സേവനം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രായമായവരിൽ കണ്ടു വരുന്ന ആരോഗ്യ പ്രശ്നമായ ഡിമെൻഷ്യ ബാധിച്ചവരെ കണ്ടെത്തി അനുയോജ്യമായ സേവനം ലഭ്യമാക്കുന്നതിനായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സ്മൃതിപഥം പ്രോജക്റ്റിന്റെ കീഴിൽ എറണാകുളം ജില്ലയിലെ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ഒരു പകൽ പരിപാലനകേന്ദ്രവും പ്രവർത്തിച്ചു വരുന്നു.<br><br>ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായും കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'ഡിമെൻഷ്യ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'ഓർമ്മത്തോണി'. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.<br>സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറിസ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്.11,415 പേരെ നിലവിൽ സ്ക്രീൻ ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയവ ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ടുന്ന നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ആരോഗ്യപ്രശ്നം എന്നതിലുപരി ഇത് ഒരു സാമൂഹ്യപ്രശ്നമായിക്കണ്ട് ഡിമെൻഷ്യ പ്രതിരോധനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | പ്രായമായവരിൽ കണ്ടു വരുന്ന ആരോഗ്യ പ്രശ്നമായ ഡിമെൻഷ്യ ബാധിച്ചവരെ കണ്ടെത്തി അനുയോജ്യമായ സേവനം ലഭ്യമാക്കുന്നതിനായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സ്മൃതിപഥം പ്രോജക്റ്റിന്റെ കീഴിൽ എറണാകുളം ജില്ലയിലെ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ഒരു പകൽ പരിപാലനകേന്ദ്രവും പ്രവർത്തിച്ചു വരുന്നു.<br><br>ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായും കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'ഡിമെൻഷ്യ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യസുരക്ഷമിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'ഓർമ്മത്തോണി'. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല (KUHS) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.<br>സംസ്ഥാനത്തെ 104 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് മെമ്മറിസ്ക്രീനിങ് ആരംഭിച്ചിട്ടുണ്ട്.11,415 പേരെ നിലവിൽ സ്ക്രീൻ ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയവ ലഭ്യമാക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യങ്ങൾ. ഇതോടൊപ്പം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ഓർമ്മത്തോണി ഡേ കെയർ സെന്ററുകൾ ആരംഭിക്കാൻ വേണ്ടുന്ന നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | ഡിമെൻഷ്യാ ബാധിതരിലെ ലക്ഷണങ്ങളും അവരുടെ സംരക്ഷണവും സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഡിമെൻഷ്യ ബാധിതരായവരിൽ സമീപകാല സംഭവങ്ങളുടെ മറവി, പുതിയ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥ, ഏകാഗ്രത നഷ്ടപ്പെടൽ, സംസാരങ്ങളിലെ വ്യക്തതയില്ലായ്മ അല്ലെങ്കിൽ ആവർത്തനം തുടങ്ങിയ ലഘു ലക്ഷണങ്ങളിൽ തുടങ്ങി കൂടുതൽ ഗുരുതരമായ അവസ്ഥകളിലേക്ക് എത്തിച്ചേരുകയാണ് ചെയ്യുന്നത്. എന്നാൽ സമയബന്ധിതമായി ഡിമെൻഷ്യ കണ്ടെത്തി വിവിധങ്ങളായ പ്രൈമറി, സെക്കന്ററി, ടെറിഷറി പ്രിവൻഷൻ സമീപനങ്ങളിലൂടെ ലഘു അവസ്ഥയിൽ നിന്നും ഗുരുതര അവസ്ഥയിലേക്കുള്ള മാറ്റം നിയന്ത്രിക്കാൻ കഴിയും എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. പ്രാരംഭ ലക്ഷണങ്ങൾ പ്രകടിപ്പിക്കുമ്പോൾ തന്നെ കണ്ടെത്തുകയും, ഓരോരുത്തരുടെയും ലക്ഷണങ്ങൾ അനുസരിച്ച് |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ ഇടപെടലുകൾ നടത്തുകയും കുടുംബാംഗങ്ങൾക്ക് ആവശ്യമായ അറിവും പരിശീലനവും നൽകുകയും ചെയ്യുന്നതിലൂടെയാണ് ഇത് സാധ്യമാക്കാൻ കഴിയുന്നത്. അതിനുവേണ്ട നടപടികൾ ഓർമ്മത്തോണി എന്ന പദ്ധതി മുഖേന സ്വീകരിച്ചു വരുന്നു.ഇതുകൂടാതെ ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.<br><br>ഡിമെൻഷ്യ ബാധിതരിലെ ലക്ഷണങ്ങളും അവരുടെ സംരക്ഷണവും സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങളും ഡിമെൻഷ്യാ ബാധിതരായവരെ പരിചരിക്കുന്നത് സംബന്ധിച്ച പരിശീലനവും ARDSI മുഖേന സ്മൃതിപഥം പദ്ധതിയിലൂടെ നടത്തി വരുന്നു. സ്മൃതിപഥം മുഖേന തൃശ്ശൂർ ജില്ലയിലെ ഡിമെൻഷ്യ രോഗികളെ കണ്ടെത്തുന്നതിനായി മുരിയാട് പഞ്ചായത്തും ICDS ഉം ചേർന്ന് 17 വാർഡുകളിൽ സർവ്വേ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ